പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5729 — 18.11.2019 ൽ മറുപടിയ്ക്ക്

വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ മാവേലിസ്റ്റോറുകൾ

ചോദ്യം
ശ്രീ.അബ്ദുൽ ഹമീദ് പി.

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മലപ്പുറം ജില്ലയിൽ നിലവിൽ എവിടെയെല്ലാമാണ് തീരദേശ മാവേലിസ്റ്റോർ പ്രവർത്തിക്കുന്നത് എന്നറിയിക്കാമോ; | (എ) | മലപ്പുറം ജില്ലയിൽ തിരൂർ ഡിപ്പോയുടെ പരിധിയിൽ കൂട്ടായി, പുറത്തൂർ എന്നീ തീരദേശങ്ങളിൽ മാവേലി സ്റ്റോറുകളും, തിരൂരങ്ങാടി ഡിപ്പോയുടെ പരിധിയിൽ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ ചെട്ടിപ്പടി എന്ന തീരദേശ പ്രദേശത്ത് ഒരു സൂപ്പർ മാർക്കറ്റും, തിരൂർ ഡിപ്പോയുടേയും തിരൂരങ്ങാടി ഡിപ്പോയുടേയും പരിധിയിൽ ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ സാഫിന്റെ (Society for Assistance to Fisher Women) കീഴിൽ തീരമാവേലി/ തീരമൈത്രി സൂപ്പർമാർക്കറ്റുകളും പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ അരിയല്ലൂരിൽ മാവേലിസ്റ്റോർ അനുവദിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിൽ രണ്ടാമത്തെ മാവേലി സ്റ്റോർ അരിയല്ലൂരിൽ ആരംഭിക്കുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. കെട്ടിട സൗകര്യവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കുന്ന മുറയ്ക്ക് സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിലും വിപണന സാധ്യതയും ജീവനക്കാരുടെ ലഭ്യതയും കണക്കിലെടുത്തും തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | മലപ്പുറം ജില്ലയിൽ പുതുതായി സിവിൽ സപ്ലൈസ് സൂപ്പർമാർക്കറ്റുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (സി) | തിരൂരങ്ങാടി ഡിപ്പോയുടെ കീഴിലുള്ള കൊണ്ടോട്ടി മാവേലി സ്റ്റോർ, പൊന്നാനി ഡിപ്പോയുടെ കീഴിലുള്ള തവനൂർ മാവേലി സൂപ്പർ സ്റ്റോർ എന്നിവ സൂപ്പർ മാർക്കറ്റാക്കി ഉയർത്തുന്ന കാര്യം പരിഗണിച്ചു വരുന്നു. കൂടാതെ വണ്ടൂർ എന്ന സ്ഥലത്ത് പുതിയ സൂപ്പർ മാർക്കറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സാധ്യതാ പഠനം നടത്തി വരുന്നു. |

| | | | |
|---|---|---|---|
| | | | നിലവിലുള്ള സപ്ലൈകോ വിൽപ്പനശാലകളുടെ വിറ്റുവരവിനെ പ്രതികൂലമായി ബാധിക്കാത്ത തരത്തിൽ പ്രതിമാസം 15 ലക്ഷത്തിൽ കുറയാതെയുള്ള വിറ്റുവരവ് പ്രതീക്ഷിക്കാവുന്ന വിപണന സാധ്യതയുള്ള സ്ഥലങ്ങളിൽ മിതമായ വാടക നിരക്കിൽ കുറഞ്ഞത് 1000 ച. അടിയിൽ കുറയാതെ വിസ്തീർണ്ണമുള്ള കെട്ടിട സൗകര്യം ലഭിക്കുന്ന മുറയ്ക്ക്, ജീവനക്കാരുടെ ലഭ്യതയും കൂടി കണക്കിലെടുത്താണ് പുതിയ സൂപ്പർ മാർക്കറ്റുകൾ അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ